"ഭരണഭാഷ-മാതൃഭാഷ"

DWCD/5300/2025-ICDSA1

വനിത ശിശുവികസന ഡയറക്ടറുടെ കാര്യാലയം,
പൂജപ്പുര, തിരുവനന്തപുരം
തീയതി : 26-12-2025
E-Mail:directorate.wcd@kerala.gov.in
Phone No.0471–2346534

**പരിപത്രം**

വിഷയം: വനിത ശിശുവികസന വകുപ്പ് - ഐസിഡിഎസ് - അങ്കണവാടി സർവീസസ് (ജനറൽ) പദ്ധതി - SNA SPARSH ലേയ്ക്ക് മാറുന്നതിനുള്ള മുന്നൊരുക്കം - സംബന്ധിച്ച്:

സൂചന: കേന്ദ്ര സർക്കാരിൽ നിന്നുള്ള 22.12.2025 ലെ CD-II-14/20/2025-CD-II നമ്പർ കത്ത്.

കേന്ദ്രാവിഷ്കൃത പദ്ധതിയായ അങ്കണവാടി സർവീസസ് (ജനറൽ) പദ്ധതി (KL-247) SNA SPARSH-ലേയ്ക്ക് മാറുന്നതിനായി സൂചന പ്രകാരം മദർ സാൻഷൻ ലഭ്യമായിട്ടുണ്ട്. ഈ സാഹചര്യത്തിൽ ചുവടെ പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എല്ലാ കീഴ്കാര്യാലയങ്ങളും കർശനമായും പാലിക്കേണ്ടതാണ്.

1. അങ്കണവാടി സർവീസസ് (ജനറൽ) പദ്ധതിയുടെ (KL-247) നിലവിലുള്ള SNA അക്കൗണ്ടിൽ നിന്നും,ചൈൽഡ് അക്കൗണ്ട് മുഖേന ചെലവുകൾ നടത്തേണ്ട സമയപരിധി 29.12.2025 ആയി നിശ്ചയിച്ചിട്ടുണ്ട്.
2. പദ്ധതി നടപ്പില്ലാക്കുന്ന ചൈൽഡ് ഏജൻസികൾ ചെലവുകൾ നടത്തുന്നതിനായി 29.12.2025 തീയതിയോ അതിനു മുൻപായോ PPA-കൾ generate ചെയ്യേണ്ടതും ,ആയതു 29.12.2025 തീയതിക്കുള്ളിൽ കേരള ഗ്രാമീൺ ബാങ്കിൽ സമർപ്പിച്ച് തുക മാറി നൽകിയിട്ടുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.
3. ടി പദ്ധതിയിൽ ഉൾപ്പെട്ട കമ്പോണന്റുകൾക്ക് 29.12.2025 ന് ശേഷം ഒരു കാരണവശാലും PPA generate ചെയ്യാനോ, generate ചെയ്തിട്ടുള്ള PPA ബാങ്കിൽ സമർപ്പിക്കാനോ പാടുള്ളതല്ല.
4. 29.12.2025 ന് ശേഷം പദ്ധതിക്കായി ആരംഭിച്ചിട്ടുള്ള ചൈൽഡ് അക്കൗണ്ടിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധിച്ച് ,ബാലൻസ് ഇല്ല എന്നുള്ള കാര്യം DDO ഉറപ്പു വരുത്തേണ്ടതാണ്.
5. ചൈൽഡ് അക്കൗണ്ടിൽ ഏതെങ്കിലും കാരണവശാൽ തുക അവശേഷിക്കുന്നുണ്ടെങ്കിൽ ആയതു അടിയന്തിരമായി SNA അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതിന് ബാങ്കുമായി ബന്ധപ്പെട്ട്, DDOമാർ, നടപടി സ്വീകരിക്കേണ്ടതാണ്.

വനിത ശിശു വികസന ഡയറക്ടർ

ശിവന്യ എസ് എൻ
ജോയിന്റ് ഡയറക്ടർ
പെൻ നമ്പർ-445126
വനിത ശിശുവികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം-695012

എല്ലാ ജില്ലാ വനിത ശിശുവികസന ഓഫീസർമാർക്കും,
എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും,
എല്ലാ ശിശുവികസന പദ്ധതി ഓഫീസർമാർക്കും